പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 306 10/06/2013-ൽ മറുപടിക്ക്

## ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിലെ വികസന പദ്ധതികൾ

ചോദ്യം മറുപടി

ശ്രീ.പി.കെ.ബഷീർ : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പുതിയ ക്ഷേമ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | 1.ഹാംലറ്റ് ഡെവലപ്മെന്റ് സ്കീം<br>2. വീടുകളുടെ അറ്റകുറ്റപണികൾക്ക് ധനസഹായം<br>3.ഗോത്ര സാരഥി പദ്ധതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വാഹനങ്ങളിൽ സ്കൂളുകളിൽ എത്തിക്കുന്ന പദ്ധതി.<br>4. ജനനി ജന്മ രക്ഷ-ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും 1000 രൂപ പ്രതിമാസം ധനസഹായം നൽകുന്ന പദ്ധതി എന്നിവയാണ് പുതിയ പദ്ധതികൾ. |
| (ബി) | ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പട്ടിക വർഗ്ഗ കോളനികളെയാണ് ഇത്തരം പദ്ധതികളിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളത്; പ്രസ്തുത കോളനികളുടെ പേരും പഞ്ചായത്തുമടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | ചാലിയാർ പഞ്ചായത്തിലെ പെരുവമ്പാടം സങ്കേതത്തെ ഹാംലറ്റ് ഡവലപ്മെന്റ് സ്കീം പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനിയിൽ 60 കുടുംബങ്ങളിലായി 251 പേർ താമസിച്ചു വരുന്നു. മറ്റ് പദ്ധതികൾ സംസ്ഥാന തലത്തിൽ എല്ലാ പട്ടിക വർഗ്ഗ സങ്കേതങ്ങളിലുമായി നടപ്പാക്കുന്ന തിനുള്ള നടപടി തുടരുന്നു. |
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം ഏറനാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികളിൽ നാളിതുവരെയായി നിലവിൽ വന്നിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഏറനാട് മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികൾ താഴെ പ്പറയുന്നവയാണ്.<br>1. മാമ്പാട് പഞ്ചായത്തിൽ വടപ്പുറം പട്ടിക വർഗ്ഗ സങ്കേതത്തിൽ 12 |

| | | | |
|---|---|---|---|
| | | | വീടുകൾക്ക് ധനസഹായം അനുവദിച്ചു. 11 വീടുകളുടെ വാർപ്പ് കഴിഞ്ഞിട്ടുണ്ട്, ഒരു വീടിന്റെ പണി നടന്നു കൊണ്ടിരിക്കുന്നു. ടി വീടുകളുടെ പ്ലാസ്റ്ററിംഗ്, നിലംപണി, വയറിംഗ് പൂർത്തിയായിട്ടുണ്ട്.<br>2. ഊർങ്ങാട്ടിരി പഞ്ചായത്തിലെ ഓടക്കയം മമ്പാട് പഞ്ചായത്തിലെ മേലേമങ്ങാട്, താഴെമങ്ങാട് എന്നീ പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ 136 കുടുംബങ്ങൾക്ക് 2-ാം വർഷവും 3-ാം വർഷവും റബ്ബർ കൃഷിയ്ക്ക് ധനസഹായം നൽകി. റബ്ബർ മരങ്ങൾ കാലനുസൃത വളർച്ച നേടിയിട്ടുണ്ട്.<br>3. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ മൈലാട്ടി സങ്കേതത്തിലെ 15 കുടുംബങ്ങൾക്ക് വാഴകൃഷിയ്ക്ക് ധനസഹായം നൽകി. ആയതിന്റെ വിളവെടുപ്പ് നടക്കുന്നു.<br>4. ചാലിയാർ പഞ്ചായത്തിലെ പെരുമുണ്ട സങ്കേതത്തിൽ റബ്ബർ കൃഷിയ്ക്ക് തുടർ ധനസഹായം നൽകി. റബ്ബർ മരങ്ങൾ കാലാനുസൃത വളർച്ച നേടിയിട്ടുണ്ട്.<br>5. ചാലിയാർ പഞ്ചായത്തിലെ പൂളപ്പൊട്ടി, കല്ലുണ്ട് കോളനികളിൽ റോഡ് നിർമ്മാണത്തിന് ധനസഹായം നൽകി. റോഡ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.<br>6. ചാലിയാർ പഞ്ചായത്തിൽ വെറ്റിലകൊല്ലി കോളനിയിൽ കാർഷിക വികസന പദ്ധതി നടപ്പാക്കി. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വിളവെടുപ്പ് നടത്തി യിട്ടുണ്ട്. ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിലെ കുളിമാട് നെല്ലിയായി സങ്കേതത്തിൽ നടപ്പാലം നിർമ്മാണ ത്തിനുള്ള തുക പദ്ധതി നടത്തി പ്പിനായി ഗ്രാമപഞ്ചായത്തിന് കൈമാറിയട്ടുണ്ട്. |

സെക്ഷൻ ഓഫീസർ